# Diploma in Elementary Education (D.El.Ed.)
# END SEMESTER ASSESSMENT 2018

## S1 101 വിദ്യാഭ്യാസ മനഃശാസ്ത്രം- സിദ്ധാന്തവും പ്രയോഗവും

സമയം: 2 മണിക്കൂർ | സ്കോർ :50

.....................................................................................................................................................

**പൊതു നിർദ്ദേശങ്ങൾ**

1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
2) 2 മണിക്കൂർ സമയത്തിലെ ആദ്യത്തെ 10 മിനിട്ട് ചോദ്യങ്ങൾ വ്യക്തമായി വായിച്ച് ഉത്തരങ്ങൾ എഴുതുന്നതിനുള്ള മുൻഗണനാക്രമം തീരുമാനിക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

---

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരെഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം)** (5X1=5)

1. താഴെ പറയുന്നവയിൽ കൂടുതൽ വസ്തുനിഷ്ഠമായ മനഃശാസ്ത്രപഠനരീതി ഏതാണ്?

   A. അന്തർ നിരീക്ഷണം (Introspection)
   B. നിരീക്ഷണം(Observation)
   C. മനഃശാസ്ത്രശോധകം (Psychological test)
   D. അഭിമുഖം(Interview)

2. കോളം A യിൽ കൊടുത്തിട്ടുള്ളവയുമായി ബന്ധമുള്ള കോളം A യിലുള്ളവയെ ചേരും പടി ചേർത്തെഴുതുക.

| കോളം A | കോളം B |
|---|---|
| (a) ശാരീരിക ചാലകവികാസം<br>(b)വൈകാരിക വികാസം<br>(c)സാൻമാർഗിക വികാസം<br>(d)സാമൂഹ്യ വികാസം | (e) കാതറിൻ ബ്രിഡ്ജസ്<br>(f)ജീൻ പിയാഷെ<br>(g)എലിസബത്ത് ഹർലോക്ക്<br>(h)അൽബർട്ട് ബന്ദൂര<br>(i)ജെറോ എസ് ബ്രൂണർ<br>(j)ലോറൻസ് കോൾബർഗ് |

   A. (a)→(f), (b) →(e), (c) →(h), (d) →(i)
   B. (a)→(h), (b) →(g), (c) →(i), (d) →(f)
   C. (a)→(f), (b) →(g), (c) →(j), (d) →(i)
   D. (a)→(g), (b) →(e), (c) →(j), (d) →(h)

3. വൈകാരിക ബുദ്ധിയുടെ സവിശേഷതകളിൽ പെടാത്തത് ഏതാണ്?

   A. മറ്റുള്ളവരുടെ വികാരങ്ങളെ നിയന്ത്രിക്കുന്നു.

B. സ്വന്തം വികാരങ്ങളെ മനസ്സിലാക്കുന്നു.
C. മറ്റുള്ളവരുടെ വികാരങ്ങളെ ഉൾക്കൊള്ളുന്നു.
D. ബന്ധങ്ങൾ നിലനിൽത്തുകയും ദൃഢപ്പെടുത്തുകയും ചെയ്യുന്നു.

4. പ്രൈമറി ക്ലാസിലെ കുട്ടികളിൽ സഹകരണ മനോഭാവം വളർത്തുന്നതിന് ഏറ്റവും അനുയോജ്യമായ പ്രവർത്തനം താഴെ പറയുന്നവയിൽ ഏതാണ്.

A. കഥപറച്ചിൽ
B. കളികൾ
C. ചർച്ച
D. സംഗീതം

5. അബ്രഹാം മാസ് ലോയുടെ ആവശ്യങ്ങളുടെ ശ്രേണി യിൽ (Hierarchy of needs)ആദ്യപടിയിലും അവസാനപടിയിലും പ്രതിഷ്ഠിച്ചിരിക്കുതന്നത് യഥാക്രമം ................. ഉം................ഉം ആണ്

A. ആത്മസാക്ഷാത്ക്കാരവും ശാരീരികാവശ്യങ്ങളും
B. ശാരീരികാവശ്യങ്ങളും ആത്മസാക്ഷാത്ക്കാരവും
C. വൈജ്ഞാനികാവശ്യങ്ങളും സുരക്ഷിതത്വ ആവശ്യങ്ങളും
D. ആദരിക്കപ്പെടാനുള്ള ആഗ്രഹവും സൗന്ദര്യാത്മകാവശ്യങ്ങളും

**6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്കിലോ ഒരു വാക്യത്തിലോ എഴുതുക. സ്കോർ 1 വീതം (5X1=5)**

6. വിദ്യാഭ്യാസമനഃശാസ്ത്രത്തെ നിങ്ങൾ നിർവചിക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ പരിഗണിക്കും?
7. ഒരു ചാലക വികാസതത്വം എഴുതുക.
8. ജെറോം .എസ്.ബ്രൂണർ മുന്നോട്ടു വെച്ച ആശയ രൂപീകരണഘട്ടങ്ങൾ എന്തൊക്കെയാണ്?
9. പൂർണവ്യക്തിത്വത്തിന്റെ (Fully functioning personality)ഉടമകളായവർ പ്രകടിപ്പിക്കുന്ന ഏതെങ്കിലും ഒരു സവിശേഷത എഴുതുക.
10. ആദർശാത്മക അഹവും (Ideal Self) യാഥാർഥ്യാധിഷ്ഠിത അഹവും (Real Self)തമ്മിലുള്ള പൊരുത്തപ്പെടലാണ് വ്യക്തിത്വം നിർണയിക്കുന്നത് എന്ന് മുന്നോട്ടുവെക്കുന്ന വ്യക്തിത്വ സമീപനം ഏതാണ്.?

**11 മുതൽ 20 വരെ ചോദ്യങ്ങൾ അരപേജിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 3 വീതം (10X3=30)**

11. വിവിധ തൊഴിൽ മേഖലകളിൽ പ്രവര്ത്തിക്കുന്നവർക്ക് സ്വന്തം പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുവേണ്ടി നടത്തുന്ന ആസൂത്രിതമായ ഗവേഷണപ്രർത്തനം എന്തുപേരിലറിയപ്പെടുന്നു? ഇത് ഒരു അധ്യാപകനെ എങ്ങനെയെല്ലാം സഹായിക്കുന്നുവെന്ന് വ്യക്തമാക്കുക (2 എണ്ണം)
12. ശൈശവത്തിലെ കുട്ടിയുടെ പ്രകൃതം തിരിച്ചറിയുന്നതിന് സഹായകമായ ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കുക.
13. എറിക്. എച്ച്. എറിക്സന്റെ മനോസാമൂഹ്യവികാസ സിദ്ധാന്ത പ്രകാരം, 6 മുതൽ 12 വയസ്സുവരെയുള്ള കാലഘട്ടത്തിൽ ഒരു കുട്ടി നേരിടുന്ന പ്രതിസന്ധി ഘട്ടം എന്താണ്.? ഈ ഘട്ടം വിജയകരമായി തരണം ചെയ്യാൻ ടീച്ചർ എന്ന നിലയിൽ നിങ്ങൾ സ്വീകരിക്കുന്ന 2 നടപടിക്രമങ്ങൾ എഴുതുക?

14. യുക്തി ചിന്ത യഥാസമയം പ്രോത്സാഹിക്കപ്പെടണം. ഇതിനായി ഒരു ടീച്ചർ എന്ന നിലയിൽ നിങ്ങൾ അവംലംബിക്കുന്ന 3 നടപടിക്രമങ്ങൾ എന്തൊക്കെയാണ്?
15. ക്ലാസ്സുമുറിയിൽ അനാവശ്യമായ കാരണങ്ങൾ പറഞ്ഞ് വെറുതെ കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുട്ടിയെ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ സജീവമാക്കാൻ നിങ്ങൾ സ്വീകരിക്കുന്ന 3 തന്ത്രങ്ങൾ എന്തൊക്കെയാണെന്നെഴുതുക.
16. ശിശുവികാരങ്ങളുടെ സവിശേഷതകൾ എന്തൊക്കെയാണ്?
17. 'സാമൂഹ്യവികാസത്തിൽ കുടുംബം നിർണായക സ്വാധീനം ചെലുത്തുന്നു.'- ഈ പ്രസ്താവനയെ സാധൂകരിക്കുന്നതിന് നിങ്ങൾ നടത്തുന്ന വാദഗതികൾ എന്തൊക്കെയാണ്.?

18. താഴെ പറയുന്നവ നിർവചിക്കുക
    i. മുഖ്യസവിശേഷകം(Cardial trait)
    ii. മധ്യമസവിസേഷകങ്ങൾ ( Central traits)
    iii. ദ്വിതീയ സവിശേഷകൾ (Secondary traits)
19. ജീവിത നൈപൂണികൾ ജീവിത വിജയത്തിന്റെ ആണിക്കല്ലാണ്. ഈ പ്രസ്താവനയെ ന്യായീകരിക്കുന്നതിനായി ഏതെങ്കിലും 3 ജീവിത നൈപുണികൾ സൂചിപ്പിച്ചുകൊണ്ട് വിശദീകരിക്കുക.
20. 'ഫ്രോയ്ഡിയൽ ചിന്തകളുടെ വിദ്യാഭ്യാസപ്രസക്തി' എന്ന വിഷയത്തിൽ നടത്തിയ ചർച്ചയുടെ മോഡറേറ്റർ എന്ന നിലയിൽ നിങ്ങൾ നടത്തുന്ന ക്രോഡീകരണ ഭാഷണത്തിൽ നിരത്തുന്ന വാദങ്ങൾ എന്തൊക്കെയാണ്?

**21 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പേജിൽ കവിയാതെ ഉത്തരമെഴുതുക സ്കാർ 5 വീതം (2X5=10)**

21 ജീൻ പിയാഷെയുടെ വൈജ്ഞാനിക വികാസഘട്ടങ്ങൾ എന്തൊക്കെയാണ്? ആ ഘട്ടത്തിലുള്ളവരുടെ സവിസേഷതകൾ കൂടി സൂചിപ്പിച്ചുകെണ്ട് ഒരു ലഘുക്കുറിപ്പ് തയ്യാറാക്കുക.

22 വികാസ തത്വങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കുന്ന ഒരു ചാർട്ടിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തുമെന്ന് എഴുതുക